(സി) ചോദ്യം ഉദിക്കുന്നില്ല.

ജനകീയ ആസൂത്രണ പദ്ധതിയിൽ പൂർത്തീകരിച്ച വൈദ്യുതിലൈൻ

84(987) ശ്രീ. എ. സി. ഷൺമുഖദാസ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച വൈദ്യുതി ലൈൻ ചാർജ് ചെയ്യുന്നതിന് പ്രത്യേക പരിഗണന നൽകുന്നതിന് വൈദ്യുതി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി എത്ര കിലോമീറ്റർ വൈദ്യുതി ലൈൻ വലിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; എത്ര കിലോമീറ്റർ ഇതുവരെയായി ചാർജ്ജ് ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി ലൈൻ വലിച്ചത്- 3014.658 കിലോമീറ്റർ.

ചാർജ്ജ് ചെയ്തത് - 2969.828 കിലോമീറ്റർ.

വൈദ്യുതി ബോർഡ് പെൻഷണേഴ്സ് അസോസിയേഷൻ

85(988) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെൻഷണേഴ്സ് അസോസിയേഷൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 10-1-2000-ൽ ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോർഡിന്റെ ആലോചനയിലിരിക്കുന്ന ശമ്പളപരിഷ്ക്കരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

വൈദ്യുതി ആഘാത മരണം

86(989) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ വാഴൂർ ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാൻ ശ്രീ. ഗോപിദാസ് ജോലി നിർവ്വഹണത്തിനിടയിൽ വൈദ്യുതി ആഘാതമേറ്റ് മരിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അപകടം സംഭവിക്കാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് എന്തെല്ലാം അന്വേഷണം നടത്തിയെന്നും അതിന്റെ റിപ്പോർട്ട് എന്താണെന്നും വെളിപ്പെടുത്താമോ ;

(സി) ഗോപിദാസിന്റെ കുടുംബത്തിന് ഏതെല്ലാം സഹായമാണ് കെ.എസ്.ഇ.ബി. ചെയ്ത് കൊടുത്തതെന്ന് വെളിപ്പെടുത്താമോ ;

(ഡി) സാധാരണയിൽ കവിഞ്ഞ സഹായം ഗോപിദാസിന്റെ കുടുംബത്തിന് നൽകുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലാ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കോട്ടയം എന്നിവർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. പാമ്പാടി മേജർ സെക്ഷനിലെ സബ് എഞ്ചിനീയർ ശ്രീ.പി.സി. ജോസഫ്, വാഴൂർ ഇലക്ട്രിക്കൽ സെക്ഷനിലെ സബ് എഞ്ചിനീയർ ശ്രീ. സി. രാജശേഖരൻപിള്ള, പാമ്പാടി സബ് സ്റ്റേഷനിലെ സബ് എഞ്ചിനീയർ ശ്രീ.കെ.കെ. സോമൻ എന്നിവരുടെ അശ്രദ്ധമൂലമാണ് അപകടം സംഭവിച്ചതെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഇവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഇവരുടെ പേരിൽ അച്ചടക്ക നടപടികൾ എടുത്തുവരുന്നു. കൂടാതെ പാമ്പാടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് പോലീസിന്റെ ഭാഗത്ത് നിന്നും അന്വേഷണം നടത്തുന്നുമുണ്ട്.

(സി) ഗോപിദാസിന്റെ കുടുംബത്തിന് താഴെ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

1.	വർക്ക്മെൻ കോംപൻസേഷൻ	-	1,53,090 രൂപ
2.	വെൽഫയർ ഫണ്ട്	-	1,00,000 രൂപ
3.	ടെർമിനൽ ബെനിഫിറ്റ്	-	16,501 രൂപ
4.	9/99- ലെ ശമ്പളം	-	6,505 രൂപ

പ്രോവിഡന്റ് ഫണ്ട് ക്ലോഷറിനും പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവയ്ക്കുമുള്ള അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(ഡി) നിയമാനുസൃതമായ എല്ലാ സഹായങ്ങളും അദ്ദേഹത്തിന്റെ കുടുംബത്തിന് നൽകുന്നതാണ്.

കായംകുളത്ത് ഒരു ഇലക്ട്രിക്കൽ ഡിവിഷൻ സ്ഥാപിക്കണമെന്ന ആവശ്യം

87(990) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ സ്ഥാപിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly